# CAREER Updates
# പത്രവൃത്താന്തം

**10.10.2024 (വ്യാഴം)**



- ⇨ 2024-ലെ സാഹിത്യ നൊബേൽ പുരസ്കാരത്തിന് അർഹയായത്
- ✔ ഹാൻ കാങ്
- ദക്ഷിണ കൊറിയൻ എഴുത്തുകാരിയാണ് ഹാൻ കാങ്. ചരിത്രപരമായ ആഘാതങ്ങളെ അഭിമുഖീകരിക്കുകയും മനുഷ്യജീവിതത്തിന്റെ ദുർബലത തുറന്ന് കാട്ടുകയും ചെയ്യുന്ന ഹാൻ കാങിന്റെ തീവ്രമായ കാവ്യാത്മക ഗദ്യത്തിനാണ് പുരസ്കാരം.
- 'ഫയർ സലമാൻഡർ', 'ദ ഫ്രൂട്ട് ഓഫ് മൈ വുമൺ', 'ബ്ലാക് ഡിയർ', 'ദ വെജിറ്റേറിയൻ', 'ബ്രെത് ഫൈറ്റിങ്', 'ഗ്രീക്ക് ലെസൻസ്' തുടങ്ങിയവയാണ് ഹാനിന്റെ പ്രശസ്തമായ കൃതികൾ.

- ⇨ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം അളക്കുന്നതിനുള്ള ക്യൂഎസ് ലോക റാങ്കിംഗിൽ ഉൾപ്പെട്ട ഇന്ത്യയിലെ സർവകലാശാല
- ✔ കേരള സർവകലാശാല
- ലോക റാങ്കിംഗിൽ ഏഷ്യൻ വിഭാഗത്തിൽ 339-ാം സ്ഥാനവും ദക്ഷിണേഷ്യൻ വിഭാഗത്തിൽ 88-ാം സ്ഥാനവുമാണ് കേരള സർവകലാശാല നേടിയത്. ആഗോള റാങ്കിംഗിൽ 401 മുതൽ 500 വരെയുള്ള വിഭാഗത്തിൽ എം.ജി. സർവകലാശാലയും ഇടം നേടി.
- ഓക്സ്ഫോർഡ് സർവകലാശാലയ്ക്കാണ് തുടർച്ചയായി 9-ാം വർഷവും റാങ്കിംഗിൽ ഒന്നാം സ്ഥാനം.

CAREER GUIDANCE BUREAU

- ⇨ 2024 ഒക്ടോബറിൽ അന്തരിച്ച വ്യവസായ പ്രമുഖൻ
- ✔ രത്തൻ നവൽ ടാറ്റ
- ⇨ 2024 ഒക്ടോബറിൽ ടുണീഷ്യയുടെ പ്രസിഡന്റായി വീണ്ടും നിയമിതനായത്
- ✔ കൈസ് സെയ്ദ്
- ⇨ 2024-ലെ ആസിയാൻ-ഇന്ത്യ, ഈസ്റ്റ് ഏഷ്യാ ഉച്ചകോടിയുടെ വേദി
- ✔ ലാവോസ്
- ⇨ 2025-ലെ ബ്ലൈൻഡ് വനിതാ ഫുട്ബോൾ ലോകകപ്പ് വേദി
- ✔ കൊച്ചി
- ⇨ ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിലെ വനിതാ വിഭാഗത്തിൽ വെങ്കലം നേടിയത്
- ✔ ഇന്ത്യ
- 1972-ൽ ടേബിൾ ടെന്നീസ് യൂണിയൻ ചാമ്പ്യൻഷിപ്പ് നടത്താൻ ആരംഭിച്ചതിന് ശേഷം വനിതാ വിഭാഗത്തിൽ ഇന്ത്യ ആദ്യമായിട്ടാണ് മെഡൽ നേടുന്നത്.
- ⇨ 38-ാമത് ദേശീയ ഗെയിംസിന്റെ വേദി
- ✔ ഉത്തരാഖണ്ഡ്
- ⇨ 2024 ഒക്ടോബറിൽ ഏഷ്യയിലെ ഏറ്റവും വലിയ ദൂരദർശിനി ഉദ്ഘാടനം ചെയ്യപ്പെട്ടതെവിടെ?
- ✔ ഹാൻലെ, ലഡാക്ക്
- ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ഗാമാ റേ ദൂരദർശിനിയുമാണിത്.
- ⇨ അടുത്തിടെ അഗസ്ത്യമലയിൽ നിന്ന് കണ്ടെത്തിയ അപൂർവയിനം സൂചിത്തുമ്പി
- ✔ അഗസ്ത്യമല മുളവാലൻ

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999